എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ-കെ. മൊഹമ്മദ്. വൈ. സഫിറുള്ള.ഐ.എ.എസ്)

സി7- 135157/17 തീയതി- 28 .05.2018

വിഷയം- ചെല്ലാനം ഫിഷിംഗ് ഹാർബർ നിർമാണം- സാമൂഹിക പ്രത്യാഘാത റിപ്പോർട്ട്- സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം -1. 30.11.17 തീയതി അംഗീകരിച്ച ഫോറം 4 നോട്ടിഫിക്കേഷൻ

2. SIA യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് സമർപ്പിച്ച 27.04.2018- ലെ അന്തിമ റിപ്പോർട്ട്

3. വിദഗ്ദ സമിതി ചെയർമാൻ & ഡെപ്യൂട്ടി കളക്ടർ(എൽ.എ) യുടെ 23.05.18- ലെ വിദഗ്ദ സമിതി റിപ്പോർട്ട്

4. സ.ഉ(സാധാ) നം. 72/2018/മ.തു.വ തീയതി 31.01.2018

5. ജി.ഒ(പി) 376/2016/RD തീയതി 29.06.2016

....

ചെല്ലാനം ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് കൊച്ചി താലൂക്ക്, ചെല്ലാനം വില്ലേജ് ബ്ലോക്ക് 15-ൽ സർവെ നമ്പർ 443, 446, 447, 448, 449, 450, 451 ൽപ്പെട്ട 1.4552 ഹെക്ടർ സ്ഥലം RFCTLARR ആക്ട്-13 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി 15.09.2017 ൽ റിക്വസിഷനും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. ടി പൊന്നും വില നടപടികളുടെ ഭാഗമായുള്ള സാമൂഹ്യപ്രത്യാഘാത പഠനത്തിനായി സൂചന (1) പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീ കരി ച്ചിട്ടു ള്ളതും തുടർന്ന് SIA പഠനം നടത്തി സൂചന (2) പ്രകാരം റപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിൽ മേൽ വിദഗ്ദ സമിതി ചെയർമാന്റെ നേതൃത്വത്തിൽ പരിശോധന നടത്തിയിട്ടുള്ളതും, സൂചന (3) പ്രകാരം റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് 23.05.2.18 -)0 തീയതി ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതും ടി റിപ്പോർട്ടുകളുടെ പകർപ്പ് LARR ആക്ട്-13 സെക്ഷൻ 7(6) പ്രകാരം ജില്ലാ കളക്ടറുടെ വെബ് സൈറ്റിലും, മറ്റു സ്ഥലങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് സൂചന (4) പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. LARR ആക്ട്-13 സെക്ഷൻ 8(1) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദേശങ്ങളും സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ടും സമുചിത ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. 200 ആർ വസ്തുവരെ ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുവാദം നൽകികൊണ്ട് സൂചന (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സൂചന 2,3 എന്നീ റിപ്പോർട്ടുകൾ പരിഗണിച്ചതിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമായതിനാലും ഭൂമി ഏറ്റെടുക്കുന്നതു കൊണ്ട് ഏതെങ്കിലും കുടുംബങ്ങൾക്കോ പരിസ്ഥിതിക്കോ പ്രകടമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നില്ല എന്ന് വിലയിരുത്തുകയും ബദൽ മാർഗ്ഗങ്ങൾ പരിഗണിക്കുന്നത് പ്രായോഗികമല്ലാത്തതിനാലും പ്രോജക്റ്റ് നടപ്പിലാകുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ വളരെ വലുതാണ് എന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിലും കൊച്ചി താലൂക്ക്, ചെല്ലാനം വില്ലേജ് ബ്ലോക്ക് 15-ൽ സർവെ 443, 446, 447, 448, 449, 450, 451 ൽപ്പെട്ട 1.4552 ഹെക്ടർ സ്ഥലം പൊന്നും വില നടപടികൾ പ്രകാരം ഏറ്റെടുക്കുന്നതിന് LARR ആക്ട്-13 സെക്ഷൻ 8(1) (2) എന്നിവ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. അതോടൊപ്പം തന്നെ ഈ ഉത്തരവിന്റെ പകർപ്പ് സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ലാന്റ് അക്വസിഷൻ ആഫീസറെ ചുമതലപ്പെടുത്തുന്നു.

ജില്ലാ കളക്ടർ

പകർപ്പ്- 1 സ്പെഷ്യൽ തഹസീൽദാർ.(എൽ.എ). ജി.സി.ഡി.എ, എറണാകുളം (അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു)

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ , ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, എറണാകുളം, മുനമ്പം, പള്ളിപ്പോർട്ട്.പി.ഒ

T11